(ബി) 2004-2005-ലെ കേന്ദ്രാവിഷ്കൃത മാക്രോമാനേജ്മെന്റ് പദ്ധതിപ്രകാരം നെൽകൃഷി വികസനത്തിന് 0.51 ലക്ഷം രൂപയും കുരുമുളക് വികസനത്തിന് 2.61 ലക്ഷം രൂപയും, മറ്റു സുഗന്ധവ്യഞ്ജനങ്ങളുടെ വികസനത്തിനായി 0.60 ലക്ഷം രൂപയും, കശുമാവ് വികസനത്തിനായി 1.72 ലക്ഷം രൂപയും, പച്ചക്കറി വികസനത്തിന് 0.81 ലക്ഷം രൂപയും, ഫലവർഗ്ഗ വികസനത്തിനായി 1.83 ലക്ഷം രൂപയും, പുഷ്പകൃഷി വികസനത്തിന് 2.23 ലക്ഷം രൂപയും, ഔഷധ സസ്യ വികസനത്തിന് 0.60 ലക്ഷം രൂപയും സംസ്ഥാനത്തെ ആദിവാസി മേഖലകൾക്കായി അനുവദിച്ചിട്ടുണ്ട്.

മണ്ണുപരിശോധന

92 [425] *ശ്രീ. സി. കെ. നാണു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം മണ്ണ് പരിശോധന പ്രധാനമായും കേരളത്തിൽ ഏതെല്ലാം ജില്ലകളിലാണ് നടത്തിയത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഇനത്തിൽ എത്ര തുക കൃഷിവകുപ്പ് ചെലവഴിച്ചു എന്നതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തികവർഷം മണ്ണ് പരിശോധനാശാലകൾ ശക്തിപ്പെടുത്തുന്നതിനായി 9.18 ലക്ഷം രൂപ ചെലവഴിച്ചു.

മിൽമയും പാലുൽപ്പാദകരുടെ നഷ്ടവും

93 [427] *ശ്രീ. ജോർജ് ജെ. മാത്യു*:
" *സി. പി. മുഹമ്മദ്*:
" *എം. എ. ചന്ദ്രശേഖരൻ*:
" *വി. ജെ. പൗലോസ്*:
" *ജി. കാർത്തികേയൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ എന്നുമുതലാണ് പാലിന് വിലകൂട്ടിയത്; എത്രകണ്ട് വില വർദ്ധിപ്പിച്ചു;

LIBRARY ARCHIVES Kerala Legislative Assembly